LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരണവും പുനഃസംഘടനയും

144 [2636] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്നുകളും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുവേണ്ടിയുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതെന്നാണ്;

(ബി) ഇതു പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2-7-1984-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ് സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചത്.

(ബി) ഇല്ല.

(സി ആന്റ് ഡി) ഇല്ല.

പ്രസവാശുപത്രികളിൽ പ്രസവസമയത്ത് ധരിക്കുന്നതിനുള്ള വസ്ത്രം

145 [2638] ശ്രീ. അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

,, ജോർജ് ജെ. മാത്യു:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസവാശുപത്രികളിൽ പ്രസവിക്കാനെത്തുന്ന സ്ത്രീകൾക്ക് പ്രസവസമയത്ത് ധരിക്കുന്നതിനുള്ള വസ്ത്രം ആശുപത്രിയിൽനിന്നും കൊടുക്കാറുണ്ടോ;

(ബി) എങ്കിൽ ഈ വസ്ത്രത്തിന് രസീത് നൽകി ചാർജ്ജ് ഈടാക്കാറുണ്ടോ;

(സി) ചാർജ് ഈടാക്കുന്നപക്ഷം പ്രസവം കഴിഞ്ഞിട്ട് ഈ വസ്ത്രങ്ങൾ വീട്ടിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

ഉത്തരം

(എ ആന്റ് ബി) ആരോഗ്യവകുപ്പിലെ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഇങ്ങനെ ഒരു സംവിധാനം ഇല്ല. എന്നാൽ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി മുഖാന്തിരം ഒരു കിറ്റ് 80 രൂപ നിരക്കിൽ ആവശ്യക്കാർക്ക് നൽകിവരുന്നു. (ഒരു ഗൗൺ, ഒരു മുണ്ട്, ഒരു തോർത്ത് അടങ്ങിയതാണ് കിറ്റ്)

(സി) അനുവദിക്കും.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ഐ. സി. യൂണിറ്റിൽ ജനറേറ്റർ പ്രവർത്തിപ്പിക്കാൻ നടപടി

146 [2639] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ഐ.സി.യൂണിറ്റിൽ കറണ്ടില്ലാത്ത സമയത്ത് വൈദ്യുതി ലഭ്യമാക്കുന്നതിനായി ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കംകൊണ്ടുള്ള തകരാറുകൾമൂലം പലപ്പോഴും ഈ ജനറേറ്റർ പ്രവർത്തിക്കാത്തതിനാൽ ഐ.സി. യൂണിറ്റിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികൾ മരിച്ചതായിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് യൂണിറ്റുകളിലും കറണ്ടില്ലാത്ത സമയത്ത് വെളിച്ചം എത്തിക്കുന്നതിന് ജനറേറ്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഐ. സി. യൂണിറ്റിലും ജനറലാശുപത്രിയിലെ എല്ലാ യൂണിറ്റുകളിലും ഉപയോഗിക്കുന്നതിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് പുതിയ ജനറേറ്ററുകൾ വാങ്ങി സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജനറേറ്റർ തകരാറുകൾമൂലം രോഗികൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) താൽക്കാലികമായി വെളിച്ചം എത്തിക്കുന്നതിന് എമർജൻസി ലൈറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ജനറൽ ആശുപത്രിയിൽ ഇപ്പോൾ ജനറേറ്റർ നിലവിലുണ്ട്. പ്രസ്തുത ജനറേറ്ററിന്റെ പ്രയോജനം എല്ലാ വാർഡിലും എത്തിക്കുന്നതിനുള്ള കേബിളിന്റെ ജോലികൾ പൊതുമരാമത്ത് (വൈദ്യുതി വിഭാഗം) വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly